## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5239** 27.06.2019 - ൽ മറുപടിക്ക്.

### ഭക്ഷ്യയോഗ്യമായ റേഷൻ വിതരണത്തിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ :** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിന് കീഴിലുള്ള രണ്ടാം നമ്പർ റേഷൻ കടയിൽ 93, 96 ബാച്ചുകൾ പ്രകാരം മേയ് മാസം വിതരണം ചെയ്ത മുപ്പത്തിയൊൻപത് ചാക്ക് കുത്തരിയിൽ പുഴുവിനെ കണ്ടതായും അത് ഭക്ഷ്യയോഗ്യമായിരുന്നില്ല എന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ഉണ്ട്. എറണാകുളം ജില്ലയിലെ സിറ്റി റേഷനിംഗ് ആഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 2-ാം റേഷൻ ഡിപ്പോയിൽ വിതരണത്തിനായി എത്തിച്ച 39 ചാക്ക് കുത്തരി ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഇവ മാറ്റി പകരം ഭക്ഷ്യ യോഗ്യമായ റേഷൻ ധാന്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. |
| **(ബി)** പ്രളയത്തിൽ നശിച്ച അരി ഡാമേജ്ഡ് റൈസ് എന്ന പേരിൽ കോയമ്പത്തൂരിന് സമീപമുള്ള മില്ലിലെത്തിച്ച് പോളിഷ് ചെയ്ത് വീണ്ടും വിതരണത്തിന് കൊണ്ടുവന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;<br><br>**(സി)** ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ? | **(ബി) യും (സി) യും** പ്രളയത്തിൽ നശിച്ച മില്ലുകളിലെ അരി ഡാമേജ്ഡ് റൈസ് എന്ന പേരിൽ ട്രിച്ചിയിലുള്ള അരിമില്ലുകളിൽ എത്തിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ട്രിച്ചിയിലുള്ള പളനി മുരുകൻ മോഡേൺ റൈസ് മില്ലിൽ നിന്നും കേടായ അരി കണ്ടെത്തുകയും പ്രസ്തുത സ്ഥാപനം സീൽ ചെയ്തിട്ടുമുണ്ട്. കേടായ അരി വിട്ടെടുക്കാൻ കരാർ എടുത്തിരുന്ന M/s. സൈറസ് ട്രേഡേഴ്സ് നൽകിയ വിശദീകരണം പരിശോധിച്ച് ബഹു.ഹൈക്കോടതിയുടെ വിധിയ്ക്ക് വിധേയമായി മാത്രമാണ് വിൽപ്പനാ നടപടികൾ M/s. സൈറസ് ട്രേഡേഴ്സ് പൂർത്തീകരിച്ചത് എന്ന് ബോധ്യപ്പെട്ടതിനാൽ ടി സ്ഥാപനത്തെ മറ്റ് ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**